"ഭരണ ഭാഷ – മാതൃഭാഷ"

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

## 06.11.2020 -ന് 3.00 മണിക്ക് വീഡിയോ കോൺഫറൻസ് വഴി (Zoom VC) ഓൺലൈനായി നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 4-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്.

### യോഗത്തിൽ ഓൺലൈനായി പങ്കെടുത്തവർ

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീ.എ.സി.മൊയ്തീൻ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | **ചെയർമാൻ** |
| 2 | ശ്രീമതി.ശാരദാ മുരളീധരൻ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **വൈസ് ചെയർപേഴ്സൺ** |
| 3 | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ, കൗൺസിൽ പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ | **മെമ്പർ** |
| 4 | അഡ്വ.കെ.തുളസീഭായ് പത്മനാഭൻ, പ്രസിഡന്റ്, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ. | **മെമ്പർ** |
| 5 | ശ്രീ.എൻ. പദ്മകുമാർ, ഗ്രാമ വികസന കമ്മീഷണർ, ഗ്രാമ വികസന കമ്മീഷണറേറ്റ് | **മെമ്പർ** |
| 6 | ഡോ. പി കെ ജയശ്രീ, പഞ്ചായത്ത് ഡയറക്ടർ | **മെമ്പർ** |
| 7 | ഡോ.ജോയ് ഇളമൺ, ഡയറക്ടർ, കില | **മെമ്പർ** |
| 8 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപ്പാർക്ക് | **മെമ്പർ** |
| 9 | ഡോ.എസ് ചിത്ര, ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ | **മെമ്പർ** |
| 10 | ഡോ.രേണു രാജ്, ഡയറക്ടർ, നഗരകാര്യ വകുപ്പ് | **മെമ്പർ** |
| 11 | ശ്രീ.രാജേഷ് പ്രകാശ് , ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 12 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 13 | ഡോ.എസ് ചിത്ര, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

**വിഷയം: മൂന്നാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

27.03.2019-ന് തിരുവനന്തപുരം, തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൌസിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി & ഗവേണിംഗ് ബോഡി ചെയർമാൻ അദ്ധ്യക്ഷതയിൽ കൂടിയ ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 3-ാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ് ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: മൂന്നാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച്.**

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | ജനറൽ | 16.01.2019 ൽ കൂടിയ രണ്ടാമത് ഗവേണിംഗ് ബോഡി യോഗത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടെ ജനസേവന കേന്ദ്രങ്ങളുമായി ഐ.കെ.എമ്മിന്റെ പ്രോപ്പർട്ടി ടാക്സ് ആപ്ലിക്കേഷൻ ആയ സഞ്ചയ Integrate ചെയ്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നിരിക്കെ മാർച്ച് മാസത്തിൽ പ്രോപ്പർട്ടി ടാക്സ് നിയമത്തിൽ വന്ന തിരുത്തലുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുവാനായി കൂടുതൽ സമയം ആവശ്യമായിവന്നു. ആയത് കണക്കിലെടുത്ത് ഇന്റെഗ്രേഷൻ 2019 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. | ഫ്രണ്ട്സ് ഇന്റെഗ്രേഷനുമായി ബന്ധപ്പെട്ട് ഐ.കെ.എമ്മിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ലൈവായി ഹോസ്റ്റ് ചെയ്തിട്ടുണ്ട്. NIC ആവശ്യമായ ടെസ്റ്റിംഗ് നടത്തി രണ്ടു ദിവസത്തിനുള്ളിൽ ലൈവ് ആക്കാമെന്ന് അറിയിച്ചിട്ടുണ്ട്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | ജനറൽ | നഗരങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി പട്ടണങ്ങളിൽ 90 ശതമാനവും ഗ്രാമീണ മേഖലകളിൽ 50 ശതമാനവും ഇ-പേയ്മെന്റ് അടുത്ത സാമ്പത്തിക വർഷം എത്തിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ ഐ.കെ.എം നടത്തണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കായി മേയേഴ്സ് കൗൺസിൽ പ്രസിഡന്റുമായും, മുനിസിപ്പൽ ചെയർമെൻ ചേംബറുമായും, ഗ്രമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റുമായും ചർച്ചചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചു. | ആകെയുള്ള 941 ഗ്രാമ പഞ്ചായത്തുകളിൽ 151 ഗ്രാമ പഞ്ചായത്തുകളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു. 100% പഞ്ചായത്തുകളും അടുത്ത 6 മാസത്തോടുകൂടി ഇത് പൂർത്തിയാക്കുന്നതാണ്. പട്ടണ പ്രദേശങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്ന പേയ്മെന്റുമായി ബന്ധപ്പെട്ട് SBI -യുമായുള്ള ഇന്റെഗ്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളുമായുള്ള ഇന്റെഗ്രേഷൻ സംബന്ധിച്ചുള്ള EoI (Expression of Interest) പബ്ലിഷ് ചെയ്തത് പ്രകാരം ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. |
| | ജനറൽ | തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിനോദനികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിന്യസിക്കേണ്ടതാണെന്ന് യോഗം അഭിപ്രായപ്പെട്ടു. | വിനോദ നികുതി കൂടി ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സോഫ്റ്റ്‌വെയറിൽ പൂർത്തീകരിച്ചു. ആയത് 17 സർക്കാർ തീയറ്ററുകളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സ്വകാര്യ തീയറ്ററുകളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിന് 04.01.2020 ല സ.ഉ.(സാധാ)നം. 101/2020/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ സ്വകാര്യ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ ഈ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് തീരുന്നമുറയ്ക്ക് പ്രവർത്തനം പുനരാരംഭിക്കുന്നതാണ്. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | ജനറൽ | സഹായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഐ.ടി @ സ്കൂൾ നടപ്പിലാക്കിയ കുട്ടികളുടെ ഹാജർ മോണിറ്റർ ചെയ്യാൻ ഡെവലപ്പ്ചെയ്ത സോഫ്റ്റ്‌വെയറുമായി കൂട്ടിയോജിപ്പിക്കുന്നത് നന്നായിരിക്കും എന്ന് യോഗം അഭിപ്രായപ്പെട്ടു. | ഐ.ടി@സ്കൂൾ അധികൃതരുമായി ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തിയപ്പോൾ ബന്ധപ്പെട്ട അധികൃതർ ഇതുമായി സഹകരിക്കാൻ താൽപര്യക്കുറവ് അറിയിച്ചു. ഇത് സംബന്ധിച്ച് ഒരു കത്ത് KITE CEO ക്ക് നൽകിയിട്ടുണ്ട്. |
| | ജനറൽ | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പരാതികൾ മോണിറ്റർ ചെയ്യുന്നതിന് ഒരു Integrated Helpdesk സംവിധാനം നടപ്പിലാക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. | പ്ലാൻ ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് ഹെൽപ്പ് ഡെസ്ക് ടൂൾ ലഭ്യമാക്കും. ഇപ്പോൾ കോളുകൾ സ്വീകരിക്കുന്നതിനായി ഹെൽപ്പ് ഡസ്ക് സ്റ്റാഫ്, ഡെവലപ്പ്മെന്റ് ടീം, ടെസ്റ്റിംഗ് ടീം എന്നിവർ ചേർന്ന് ഒരു ഇന്റെഗ്രേറ്റഡ് ടീം ടീം ലീഡറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| | ജനറൽ | ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കണം നടപ്പിലാക്കിയിട്ടുണ്ടെന്നും, ശമ്പള പരിഷ്കണവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള അനോമലികൾ ഉടൻ തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. | ഐ.കെ.എം ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ നൽകിയ മിനിട്ട്സിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ തലത്തിൽ തീരുമാന മെടുക്കേണ്ടതും, സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതുമായ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. പ്രസ്തുത അനോമലിയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ 19.11.2019 ലെ 132/E4/2019/IKM നം കത്ത് പ്രകാരം പരിഹരിച്ചു നൽകിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ ഹിയറിംഗ് നടത്തിയ കേസുകളിൽ സർക്കാർ തീരുമാനമെടുക്കേണ്ട ഇനങ്ങളിൽ, ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി (എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ), എക്സിക്യൂട്ടീവ് ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് 19.12.2019 ലെ 482/E4/2019/ഐ.കെ.എം നമ്പർ കത്തിൽ അഭ്യർത്ഥിച്ചിരുന്നു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | ഇതിന്റെ അടിസ്ഥാനത്തിൽ 12.05.2020 ലെ സ.ഉ.(സാധാ) നം.872/2020/ തസ്വഭവ പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയോഗിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥനെ നാമനിർദ്ദേശം ചെയ്യണമെന്ന് ആവശ്യപ്പെട്ട് 26.05.2020 ലും തുടർന്ന് 03.07.2020 ലും കത്ത് നൽകിയിരുന്നു. 01.11.2020 ലെ നമ്പർ.തസ്വഭവ-ഐ.ബി.1/167/2017 /തസ്വഭവ കത്ത് പ്രകാരം ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ.എൻ.ഗോപകുമാറി നെ അനോമലി പരിശോധിക്കുന്ന കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്ത് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| അജണ്ട-2 | **രണ്ടാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച്.** | 3 മാസത്തിൽ കൂടുതൽ ഉള്ള സെറ്റിൽ ചെയ്യിട്ടില്ലാത്ത പ്രോജക്റ്റ് അഡ്വാൻസുകൾ ഒരു മാസത്തിനകം സെറ്റിൽ ചെയ്യേണ്ടതാണെന്ന് ഗവേണിംഗ് ബോഡി അറിയിച്ചു. ഇനിയും പ്രോജക്റ്റ് അഡ്വാൻസുകൾ സെറ്റിൽ ചെയ്യാനുള്ള ജീവനക്കാരുടെ പേരും, മേൽവിലാസവും സഹിതം ഐ.കെ.എം വെബ്സൈറ്റ് പ്രസിദ്ധപ്പെടുത്തണമെന്നും കമ്മിറ്റി അറിയിച്ചു. | ഐ.കെ.എമ്മിൽ നിന്ന് പിരിഞ്ഞുപോയ ജീവനക്കാർക്ക് അവരുടെ ബാധ്യത അറിയിച്ചുകൊണ്ടുള്ള കത്തുകൾ നൽകിയിരുന്നു. ആയതിൽ 4 പേർ അവരുടെ ബാധ്യത സെറ്റിൽ ചെയ്തിട്ടുണ്ട്. എന്നാൽ മേൽവിലാസക്കാരനെ കണ്ടെത്താനാകാതെ ചില കത്തുകൾ മടങ്ങി വന്നിട്ടുണ്ട്. ടി കേസുകളിൽ റെവന്യൂ റെക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഐ.കെ.എമ്മിൽ നിലവിൽ തുടരുന്ന ജീവനക്കാരിൽ 17 പേർ പ്രോജക്റ്റ് അഡ്വാൻസ് സെറ്റിൽ ചെയ്തിട്ടുണ്ട്. മറ്റുള്ളവരുടെ ശമ്പളത്തിൽ നിന്ന് തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട-3 | 2016-17 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. എല്ലാ അഡ്വാൻസുകളും പരമാവധി 3 മാസത്തിനകം സെറ്റിൽ ചെയ്യണമെന്നും, ആഡിറ്റർ മാരുടെ മറുപടി അക്കൗണ്ട്സ് വിഭാഗം പരിശോധിക്കുന്നില്ലെന്നും, ആയത് വേണ്ടത്ര രീതിയിൽ പരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് പ്രതിനിധി അഭിപ്രായപ്പെട്ടു. | നിലവിൽ അനുവദിക്കുന്ന അഡ്വാൻസുകൾ 3 മാസത്തിനകം തന്നെ സെറ്റിൽ ചെയ്തു വരുന്നു. നിശ്ചിത സമയത്തിനകം സെറ്റിൽ ചെയ്യാത്ത അഡ്വാൻസുകൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ പലിശ സഹിതം ഈടാക്കുന്നുണ്ട്. ആഡിറ്റർമാരുടെ റിപ്പോർട്ട് പരിശോധിച്ച് തുടർ നപടികൾ സ്വീകരിച്ചുവരുന്നു. |
| അജണ്ട-5 | 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. വാർഷിക റിപ്പോർട്ടിൽ അതാത് വർഷം നടപ്പിലാക്കിയ പദ്ധതികളും അവയുടെ വരവ് ചെലവ് കണക്കും മാത്രം ഉൾപ്പെടുത്തിയാൽ മതി എന്ന് യോഗം അറിയിച്ചു. ഓരോ സോഫ്റ്റ്വെയറുകളുടെയും ഇംപ്ലിമെന്റേഷൻ സ്റ്റാറ്റസ്, യഥാർത്ഥ Output എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. | 2017-18 വർഷം മുതലുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് സിസ്റ്റത്തിൽ നിന്ന് മാറി മെർക്കൻറെയിൽ സിസ്റ്റം അവലംബിച്ചാണ് തയ്യാറാക്കി വരുന്നത്. ആയതിനാൽ അതാതു വർഷം നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുകൾ മാത്രമേ അതാതു വർഷത്തെ വരവ് ചെലവ് കണക്കുകളിൽ വരികയുള്ളൂ. |
| അജണ്ട-7 | 2019-20 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി അംഗീകരിക്കുന്നത് സംബന്ധിച്ച്. | 1. അംഗീകരിച്ചു. ഇ.ആർ.പി പ്രോജക്റ്റ് 2019 ഡിസംബറിനുള്ളിൽ എല്ലാ മോഡ്യൂളുകളുംപൂർത്തീകരിക്കേണ്ടതാണെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു. ആയതിനു വേണ്ട പ്രൊപ്പോസൽ തയ്യാറാക്കി ബഹു. വകുപ്പ് മന്ത്രിക്കും, അഡീഷണൽ ചീഫ് സെക്രട്ടറിക്കും നൽകുവാനും ആയതിൻമേൽ ചർച്ച നടത്തുവാനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.<br><br>ഇ.ആർ.പി പ്രോജക്റ്റ് കേന്ദ്രസർക്കാരിന്റെ ആപ്ലിക്കേഷനുകളുമായി കൂടിയോജിച്ച് പ്രവർത്തിക്കുന്ന രീതിയിലാകണം ഡെവലപ്പ് ചെയ്യേണ്ടതെന്ന് യോഗം നിർദ്ദേശിച്ചു. | ILGMS ന്റെ ആദ്യ ഘട്ടം ആണ് ഇപ്പോൾ പൂർത്തിയായിട്ടുള്ളത്. ഘട്ട ഘട്ടം ഘട്ടമായി മറ്റു വെബ് അധിഷ്ഠിത സോഫ്റ്റ്വെയറുകളെ ILGMS മായി സംയോജിപ്പിക്കുന്ന താണ്. അതുവരെ ILGMS ൽ നിന്നും മറ്റു വെബ് അധിഷ്ഠിത സോഫ്റ്റ് വെയറുകളിലേക്ക് single -sign in (ഒറ്റ ലോഗിൻ) സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ ILGMS ന്റെ പരീക്ഷണ അടിസ്ഥാനത്തിലുള്ള പ്രവർത്തനം 2020 മെയ് 20 ന് ആരംഭിച്ചു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 14 ജില്ലകളിലെ 150 ഗ്രാമ പഞ്ചായത്തുകളിൽ സോഫ്റ്റ്വെറിന്റെ ആദ്യ ഘട്ട വിന്യാസം നടന്നുവരുന്നു.<br><br>സംസ്ഥാന തല ഉദ്ഘടനം 2020 സെപ്റ്റംബർ 28 ന് ബഹു . മുഖ്യമന്ത്രി നിർവഹിച്ചു. |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| | | | നിലവിൽ ചെമ്മരുതി ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ 146 ഗ്രാമ പഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയർ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണ തോതിലുള്ള പ്രവർത്തനം ഉടൻതന്നെ ആരംഭിക്കാൻ കഴിയും.<br>സോഫ്റ്റ്‌വെയർ ഇംപ്ലിമെന്റേഷന്റെ ഭാഗമായി 151 ഗ്രാമ പഞ്ചായത്തുകളിലെ ജീവനക്കാർക്കും ഐ.കെ.എം ലെയും പഞ്ചായത്ത് വകുപ്പിലെയും ജീവനക്കാർ ഉൾപ്പെടുന്ന 300 മാസ്റ്റർ ട്രെയിനർ മാർക്കും, ജില്ലാതല ട്രെയിനർ മാർക്കും, ഡി.ഡി.പി ഓഫീസുകളിലെ ജീവനക്കാർക്കും കിലയുടെ സഹകരണത്തോടെ ഓൺലൈൻ പരിശീലനം നൽകി. |
| | | 2.IBPMS ആപ്ലിക്കേഷൻ പോലെ സങ്കേതം ആപ്ലിക്കേഷനിൽ ബിൽഡിംഗ് റൂൾസിന്റെ എല്ലാ സവിശേഷതകളും കൂട്ടിച്ചേർത്ത് intelligent സോഫ്റ്റ്‌വെയറാക്കി മാറ്റണമെന്നും യോഗം നിർദ്ദേശിച്ചു. (പ്ലാനുകൾ അപ്ലോഡ് ചെയ്ത് Automatic ആയി ബിൽഡിംഗ് റൂളുകൾ പരിശോധിക്കുന്ന രീതിയിലേക്ക്) | സുവേഗ, IBPMS എന്നീ ആപ്ലിക്കേഷനുകൾ തമ്മിൽ താരതമ്യവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| അജണ്ട-8 | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്. | അംഗീകരിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻവർഷങ്ങളിൽ പിരിച്ചെടുക്കാനുള്ള തുകകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുൻസിപ്പൽ അസോസിയേഷനുകളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും യോഗം അറിയിച്ചു. | മുൻ വർഷങ്ങളിലെ തുകകൾ അടിയന്തിരമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കത്തുകൾ നൽകുകയും, തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>27.03.2019 ൽ കൂടിയ ഗവേണിംഗ് ബോഡി യോഗത്തിന് ശേഷം മുൻ വർഷങ്ങളിൽ ലഭിക്കാനുള്ള തുകയിൽ 2.48 കോടി രൂപ (2015-16 വർഷം മുതൽ 2019-20 വർഷം വരെയുള്ളതിൽ) ലഭിച്ചിട്ടുണ്ട്. |
| **അഡീഷണൽ അജണ്ടകൾ** | | | |

| അജണ്ട നമ്പർ | വിഷയം | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|---|
| അജണ്ട -1 | **കോഴിക്കോട് കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ മെയിൻ ഓഫീസുമായി സംയോജിപ്പിക്കുന്നത് സംബന്ധിച്ച്.** | ചീഫ് രജിസ്ട്രാറുമായി കൂടിയോലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. | ILGMS സോഫ്റ്റ്‌വെയർ നഗരസഭകളിൽ വിന്യസിക്കുമ്പോൾ അതോടൊപ്പം ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്താവുന്നതാണ്. |
| അജണ്ട -2 | **തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിനു വേണ്ടി സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുന്നത് സംബന്ധിച്ച്.** | പ്രിൻസിപ്പൽ ഡയറക്ടറേറ്റിനു വേണ്ടി വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ റിക്വയർമെന്റ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുമെന്നും ആയതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റുമായി ചർച്ച ചെയ്ത് സോഫ്റ്റ്‌വെയർ ഡെവലപ്പ്ചെയ്ത് നൽകുവാനും തീരുമാനിച്ചു. | ILGMS സോഫ്റ്റ്‌വെയർ, മറ്റ് വകുപ്പുകൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ എന്നിവയുടെ വികസനവും, ഇംപ്ലിമെന്റേഷനും നടക്കുന്നതിനാൽ ഈ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ ഇത് അടുത്ത വർഷത്തെ പ്രോജക്ടായി രൂപപ്പെടുത്താവുന്നതാണ്. |

**<u>തീരുമാനം</u>**

മൂന്നാമത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സിൻമേൽ സ്വീകരിച്ച അനന്തര നടപടികൾ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഐ.കെ.എമ്മിന്റെ പ്രോപ്പർട്ടി ടാക്സ് ആപ്ലിക്കേഷൻ ആയ സഞ്ചയയും ഫ്രണ്ട്സ് ഇന്റഗ്രേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ലൈവായി ഹോസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**<u>അജണ്ട-3</u>**

**വിഷയം: 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

ആഡിറ്റ് പരാമർശങ്ങൾ ഗൗരവമായി കണ്ട് അനന്തരനടപടികൾ കൃത്യമായി സ്വീകരിക്കേണ്ടതുണ്ടെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

ആയതിന് മറുപടിയായി നിലവിൽ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട് എന്നും, അഡ്വാൻസുകൾ എല്ലാം തന്നെ സമയപരിധിക്കുള്ളിൽ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും, 3 മാസത്തിനകം സെറ്റിൽ ചെയ്യാത്ത അഡ്വാൻസുകൾ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി അവ സെറ്റിൽ ചെയ്യുന്നുണ്ട് എന്നും ഐ.കെ.എം ഫിനാൻസ് ഓഫീസർ യോഗത്തെ അറിയിച്ചു.

ഐ.കെ.എമ്മിന്റെ ഇന്റേർണൽ കൺട്രോൾ സംവിധാനങ്ങൾ അപര്യാപ്തമാണ് എന്നുള്ള പരാമർശവും ഓഡിറ്റിൽ ഉണ്ട് എന്ന് വൈസ് ചെയർപേഴ്സൺ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി) അറിയിച്ചു. ആയത് തിരുത്തേണ്ടതുണ്ട്. ഇന്റേർണൽ കൺട്രോൾ സംവിധാനങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നുള്ളതിനെപ്പറ്റി ഒരു റോഡ്മാപ്പ് തയ്യാറാക്കി നൽകണം എന്നും

വൈസ് ചെയർപേഴ്സൺ അറിയിച്ചു. ആയത് തയ്യാറാക്കി നൽകുന്നതിനുള്ള തീരുമാനം എടുക്കാവുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

നിലവിൽ ഇന്റേർണൽ ഓഡിറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഫിനാൻസ് ഓഫീസർ യോഗത്തിൽ അറിയിച്ചു. ഫിനാൻസ് ഓഫീസർ ഇതുമായി ബന്ധപ്പെട്ട് ഒരു റോഡ്മാപ്പ് തയ്യാറാക്കി എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് ചെയർമാന് (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) നൽകുന്നതാണെന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

**<u>തീരുമാനം</u>**

വിശദമായ ചർച്ചകൾക്ക് ശേഷം 2018-19 സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത വരവ്, ചെലവ് കണക്ക്, ബാലൻസ് ഷീറ്റ് എന്നിവ അംഗീകരിച്ചു.

**<u>അജണ്ട-4</u>**

**വിഷയം: 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

2018-19 വർഷത്തിൽ ഐ.കെ.എം ചെയ്ത പ്രധാന പ്രവർത്തനങ്ങൾ ഐ.എൽ.ജി.എം.എസ് ന്റെ ആദ്യഘട്ട ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങളായിരുന്നു, കൂടാതെ നിലവിലുള്ള സോഫ്റ്റ്‌വെയറുകളുടെ പരിപാലനം, പുതുതായുള്ള സവിശേഷതകൾ കൂട്ടിച്ചേർക്കൽ, ലൈഫ് മിഷന് വേണ്ടിയുള്ള MIS Dash Boar d വികസിപ്പിക്കൽ, റീബിൽഡ് കേരളക്ക് വേണ്ടിയുള്ള പേയ്മെന്റ് ട്രാൻസ്ഫർ ആപ്ലിക്കേഷൻ വികസിപ്പിക്കൽ, ഇ-ടിക്കറ്റിംഗിനു വേണ്ടിയുള്ള സോഫ്റ്റ്‌വെയർ വികസിപ്പിച്ച് വിന്യസിക്കൽ എന്നിവയായിരുന്നു ഐ.കെ.എം ചെയ്ത പ്രധാന പ്രവർത്തനങ്ങൾ എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

നമ്മുടെ സോഫ്റ്റ്‌വെയറുകളുടെ കാര്യക്ഷമതയെക്കുറിച്ച് വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന് ചെയർമാൻ (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) യോഗത്തിൽ അറിയിച്ചു. അതിന്റെ സൂഷ്മതയിലേക്ക് പോകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് പരിശോധിക്കേണ്ടതാണ്. സ്ഥാപന സോഫ്റ്റ്‌വെയർ നിലവിൽ web base ആക്കിയിട്ടില്ല, കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എടുക്കുമ്പോൾ ഇംഗ്ലീഷിൽ മാത്രമേ ലഭിക്കുന്നുള്ളൂ. സചിത്ര സോഫ്റ്റ്‌വെയർ web base അല്ല, തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കേണ്ടതാണ് എന്നും ചെയർമാൻ യോഗത്തിൽ അറിയിച്ചു. പുതിയ കാലഘട്ടത്തിലെ ടെക്നോളജിക്കനുസരിച്ച് ഐ.കെ.എം വികസിപ്പിക്കുന്ന സോഫ്റ്റ്‌വെയറുകളും വരേണ്ടതാണ് എന്ന് ചെയർമാൻ യോഗത്തിൽ അഭിപ്രായപ്പെട്ടു.

ഐ.കെ.എമ്മിന്റെ പ്രവർത്തനങ്ങൾ മുന്നത്തെക്കാളും മെച്ചപ്പെട്ടിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അറിയിച്ചു. ഇനിയും കുറേക്കൂടി ഐ.കെ.എം വളരേണ്ടതുണ്ട് എന്നും, എറ്റവും വേഗത്തിലും പുതിയ ടെക്നോളജി ഉപയോഗിച്ചും കാര്യങ്ങൾ വളരെ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഐ.കെ.എമ്മിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കേണ്ടതാണെന്നും പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു.

ഐ.എൽ.ജി.എം.എസ്ന്റെ ഭാഗമായി എല്ലാ സോഫ്റ്റ്‌വെയറുകളും വെബ് സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ ഐ.കെ.എം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഇതിന്റെ ഭാഗമായി വർക്ക്ഫ്ലോ, സിവിൽ രജിസ്ട്രേഷൻ,

അക്കൌണ്ടിംഗ് എന്നിവ ഐ.എൽ.ജി.എം.എസ്ന്റെ ഭാഗമായി വെബ് സംവിധാനത്തിലേക്ക് ആയിക്കഴിഞ്ഞു. 2021 മാർച്ച് 31 ന് മുമ്പ് 941 ഗ്രാമപഞ്ചായത്തുകളിലേക്ക് ഈ മൂന്ന് മോഡ്യൂളുകൾ വിന്യസിക്കുന്നതിനുള്ള ഒരു പ്ലാനാണ് ഐ.കെ.എം തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സങ്കേതം സോഫ്റ്റ്‌വെയർ Automate അക്കേണ്ടതിന്റെ ആവശ്യകതയും നിലനിൽക്കുന്നുണ്ട്. ഇതിനായി IBPMS, സുവേഗ എന്നീ സോഫ്റ്റ്‌വെയറുകളുടെ ഒരു താരതമ്യ പഠനം നടത്തി ആയതിന്റെ റിപ്പോർട്ട് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഉടൻ തന്നെ നൽകുന്നതാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. കൂടാതെ സഞ്ചയ പോലുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളിൽ ഏതാണ് ആദ്യം ഐ.എൽ.ജി.എം.എസിലേക്ക് മാറ്റേണ്ടത് എന്നുള്ള ഒരു വിഷയം നിലനൽക്കുന്നുണ്ട്. ഐ.കെ.എമ്മിൽ ഇപ്പോൾ ഉള്ള ഡെവലപ്പ്മെന്റ് ടീമിൽ കുറച്ചുപേർ നിലവിലുള്ള ആപ്ലിക്കേഷനുകളിൽ സപ്പോർട്ട് ചെയ്യുന്നുണ്ട്. ആയത് കുറച്ചു നാളുകൾ കൂടി തുടരേണ്ടതുണ്ട്. മറ്റുള്ള ആപ്ലിക്കേഷനുകൾ ഐ.എൽ.ജി.എം.എസിലേക്ക് ഡെവലപ്പ് ചെയ്യേണ്ടിവരുമ്പോൾ ആവശ്യത്തിന് മാൻപവർ ലഭ്യമല്ലാത്തതിനാൽ സമയബന്ധിതമായി എങ്ങനെ ചെയ്യാൻ കഴിയും എന്നുള്ളത് പ്രധാനപ്പെട്ട ഒരു വിഷയമാണ് എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ആയത് സംബന്ധിച്ച് ഐ.കെ.എമ്മിലുള്ള വിദഗ്ധരുമായി ചർച്ചചെയ്ത് അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

**<u>തീരുമാനം</u>**

2018-19 വർഷത്തിൽ ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിക്കുകയും, ആയതിൻമേൽ ചർച്ചനടത്തി അംഗീകരിച്ചു.

**<u>അജണ്ട-5</u>**

**വിഷയം: 2019-20 വർഷത്തിൽ കൈവരിച്ച പ്രധാനപ്പെട്ട നേട്ടങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

- വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഐ.കെ.എം വികസിപ്പിച്ചു കൊണ്ടിരിക്കുന്ന **ILGMS (ERP -Enterprise Resource Planning)** ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ്, സിവിൽ രജിസ്ട്രേഷൻ, സാമൂഹ്യ ക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ്‌വെയറുകളുടെ ഡൊമൈൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കുകയും, വർക്ക് ഫ്ലോ, സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് ആന്റ് അക്കൌണ്ടിംഗ് എന്നീ മോഡ്യൂളുകളുടെ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.
- സുലേഖ സോഫ്റ്റ്‌വെയറിലെ പ്ലാൻ ഡാഷ്ബോർഡ് വഴി Daily/Weekly/monthly പ്ലാൻ പ്രോജക്റ്റുകളുടെ റിവ്യൂ നടക്കുകയും, അതുവഴി തദ്ദേശസ്വയംഭരണ വകുപ്പിന് മികച്ച പദ്ധതി പുരോഗതി കൈവരിക്കാൻ സാധിക്കുകയും ചെയ്തു. കഴിഞ്ഞ 5 വർഷത്തെ പദ്ധതി വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ Plan Plus ആപ്ലിക്കേഷനിലേക്ക് നൽകിയിട്ടുണ്ട്. എക്ണോമിക്ക് റിവ്യൂ റിപ്പോർട്ടും, മറ്റ് വകുപ്പുകൾക്ക് വേണ്ടിയുള്ള റിപ്പോർട്ടുകളും തയ്യാറാക്കി നൽകി. ആർദ്ര കേരള പുരസ്കാരത്തിന് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകി.

- സാമൂഹ്യ ക്ഷേമ പെൻഷൻ - സേവന പെൻഷന്റെ ഏക ജാലക സംവിധാനം വെബ് അടിസ്ഥാനമാക്കിയുള്ളത് വികസിപ്പിച്ചത് ഈ കാലയളവിലാണ്. പെൻഷനേഴ്സിന്റെ ഡാറ്റാ എൻട്രി, സ്ഥിരീകരണം, അംഗീകാരം, ഡിജിറ്റൽ ഒപ്പ്, പെൻഷൻ ഡാറ്റ തിരുത്തൽ, പെൻഷൻ വിതരണം, അതിന്റെ സ്റ്റാറ്റസ് അപ്ഡേറ്റ് നൽകുക ഇതെല്ലാം ഈ ആപ്ലിക്കേഷൻ വഴി ചെയ്യാൻ സാധിക്കുന്നതാണ്. 28 ക്ഷേമ ബോർഡുകൾക്ക് ഉപയോക്തൃ ലോഗിൻ അവരുടെ പെൻഷനേഴ്സിന്റെ ഡാറ്റാ എൻട്രി ഈ വഴിയാണ് നടക്കുന്നത്. ഇതിൽ സർക്കാർ നിർദ്ദേശപ്രകാരം സാമൂഹിക സുരക്ഷ പെൻഷന് ഡി.ബി.ടി. സംവിധാനം നടപ്പിലാക്കിയതുപോലെ കൃഷി വകുപ്പിന്റെ ഡി.ബി.ടി. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
- സാമൂഹ്യ ക്ഷേമ പെൻഷൻ സോഫ്റ്റ്‌വെയർ നാഷണൽ സോഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമുമായി സംയോജിപ്പിച്ചു. കൂടാതെ പെൻഷൻകാരുടെ ആധികാരികതയും, അർഹതയും ഉറപ്പാക്കുന്നതിനുവേണ്ടി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, ആധാർ , റേഷൻ കാർഡ് വിവരങ്ങൾ, സിവിൽ രജിസ്ട്രേഷൻ എന്നിവയുമായും സംയോജിപ്പിച്ചു. അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇന്റർനെറ്റ് മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ടും പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഇ-ഫയലിംഗ് പൂർത്തീകരിച്ചു. മഹിള പ്രധാൻ ഏജന്റുമാർ മുഖേന ഗുണഭോക്താക്കളെ പരിശോധിച്ച് ആധികാരികത ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള സർവ്വേക്ക് സർവ്വേ മൊഡ്യൂൾ (Tab മുഖേന) വികസിപ്പിച്ചു.
- വെബ് അധിഷ്ഠിത സാംഖ്യ സോഫ്റ്റ്‌വെയറിൽ പ്രസ്തുത കാലയളവിൽ ജോയിന്റ് വെഞ്ചർ പ്രോജക്റ്റ്, അഡ്വാൻസ് ബിൽ അയക്കുന്നിതിനുള്ള സംവിധാനം, ജി.എസ്.റ്റി പ്രകാരം ബിൽ അയക്കുന്നതിനുള്ള സംവിധാനം, ജി.എസ്.റ്റി നടപ്പിലാക്കിയതുമൂലം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിനോദ നികുതിയിലുണ്ടായ നഷ്ടം നികത്തിനുള്ള ഫണ്ട് ട്രാസ്ഫർ ചെയ്യുന്നതിനുള്ള സംവിധാനം, എന്നിവ വികസിപ്പിച്ച് വിന്യസിച്ചു.
- 2019-20 കാലയളവിൽ വ്യാപാര സ്ഥാപനങ്ങൾക്ക് വൈസൻസ് നൽകുന്നതിനുള്ള സഞ്ചയ ഡി & ഒ മൊഡ്യൂൾ 30 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലും പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഈ കാലയളവിൽ 1941 ഇ-പെയ്മെന്റ്കളിലൂടെ 59,26,877/- രൂപയുടെ ഇടപാടുകൾ ഓൺലൈനായി നടത്തി.
- കെട്ടിട നികുതി ഇ-പേയ്മെന്റ്, വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള സഞ്ചയ ഡി & ഒ എന്നിവ വഴി 2019-20- ൽ 237056 ഇ-പെയ്മെന്റ്കളിലൂടെ 21,24,76,168/- രൂപയുടെ ഇടപാടുകൾ ഓൺലൈനായി നടത്തി.
- 2019 നവംമ്പർ ഭേദഗതി നിയമം വരുത്തിയ മാറ്റങ്ങൾ സങ്കേതത്തിൽ കൊടുത്തിട്ടുണ്ട്. 5 വർഷത്തെ പെർമിറ്റ് എണ്ണം 659990.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ശുചിത്വ ജാഗ്രത (https://suchitwajagratha.lsgkerala.gov.in/) പോർട്ടൽ വികസിപ്പിച്ച് വിന്യസിച്ചു.
- ലൈഫ് മിഷൻ നിർമ്മാണഘട്ടങ്ങൾ നിരീക്ഷിക്കുന്നതിനും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പേയ്മെന്റ് വിതരണം ചെയ്യുന്നതിനുമായി ലൈഫ് എം.ഐ.എസ് https://lifemission.kerala.gov.in/ വികസിപ്പിച്ച് വിന്യസിച്ചു.
- പ്രളയ ദുരിദാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നാശനഷ്ടക്കണക്കുകൾ വിലയിരുത്തുന്നതിനും പേയ്മെന്റ് വിതരണം ചെയ്യുന്നതിനുമുള്ള **Rebuild MIS** https://rebuild.lsgkerala.gov.in/ വികസിപ്പിച്ച് വിന്യസിച്ചു.

- ഡിസെബിലിറ്റി സെൻസസ്സിനുവേണ്ടി സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ പുതിയ ഫോർമാറ്റ് അനുസരിച്ച് 2015 ലെ സെൻസസ് പ്രകാരമുള്ള ഡേറ്റാ അപ്ഡേറ്റ് ചെയ്യുന്നതിനും, പുതുതായി കണ്ടെത്തിയവരെ കൂട്ടിചേർക്കുന്നതിനു വേണ്ടിയുമുള്ള ആപ്ലിക്കേഷൻ വികസിപ്പിച്ചു.

- 2019 നവംബർ ഭേദഗതി നിയമം വരുത്തിയ മാറ്റങ്ങൾ സങ്കേതം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി.

- ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ (http://keralafilms.gov.in/) തിയേറ്റർ കോംപ്ലക്സ് മാനേജ്മെന്റ് മോഡ്യൂൾ വികസിപ്പിച്ച് കൂട്ടിചേർത്തിട്ടുണ്ട്. ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിൽ ഓൺലൈൻ പേയ്മെന്റിനായി വിവിധ ബാങ്കുകളുടെ പേയ്മെന്റ് ഗേറ്റ് വേയ്കൾ കൂട്ടിചേർത്തിട്ടുണ്ട്.

- 26 പുതിയ മുൻസിപ്പാലിറ്റികൾക്കും, 4 കോർപ്പറേഷനുകൾക്കും, 12 ഇതര വകുപ്പുകളിലും വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്തു.

- സഹായ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം കേരളത്തിൽ 860 സ്കൂളുകളിൽ നിർവ്വഹണം പൂർത്തീകരിച്ചു. ഇതുവഴി കുട്ടികളുടെ ഹാജർ, പി.ടി.എ അറിയിപ്പുകൾ, പുരോഗതി കാർഡ് പഠനനിലവാരം എന്നിവ തയ്യാറാക്കാം. ഹാജർ മറ്റു വിവിധ അറിയിപ്പുകൾ രക്ഷിതാക്കളിലേക്ക് എത്തിക്കാനും സാധിക്കുന്നു.

- ഇൻഫർമേഷൻ കേരള മിഷന്റെ വെബ്സൈറ്റ് Content Management (Open Source) സാങ്കേതിക വിദ്യ ഉപയോഗിച്ച് Responsive user interface ഓടുകൂടിയ കൂടുതൽ ആകർഷകവും വിപുലവുമായ വിവരങ്ങളും സേവനങ്ങളും അടങ്ങിയിട്ടുള്ളതും സംവേദനക്ഷമതയുള്ളതുമായ രീതിയിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. (https://ikm.gov.in)

<u>**തീരുമാനം**</u>

2019-20 വർഷത്തിൽ ഐ.കെ.എം കൈവരിച്ച പ്രധാന നേട്ടങ്ങൾ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു. അയതിൻമേൽ യോഗം ചർച്ചനടത്തി അംഗീകരിച്ചു.

<u>**അജണ്ട-6**</u>

**വിഷയം: 2020-21 ലേക്ക് നിർദ്ദേശിക്കുന്ന ഭാവി പരിപാടി അംഗീകരിക്കുന്നത് സംബന്ധിച്ച്.**

150 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് വിന്യാസം പൂർത്തീകരിച്ച് ബാക്കിയുള്ള പഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് വിന്യസിക്കുന്നതിനെക്കുറിച്ച് ഉള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്ന് ചെയർമാൻ യോഗത്തിൽ ആരാഞ്ഞു.

ഐ.എൽ.ജി.എം.എസ് നിലവിൽ വിന്യസിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും സോഫ്റ്റ്‌വെയറിൽ വളരെയധികം മാറ്റങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ആയതിൽ ഏറെയും പരിഹരിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ നവംബർ അവസാനത്തോടുകൂടി പൂർത്തീകരിച്ചുകഴിഞ്ഞാൽ ബാക്കിയുള്ള പഞ്ചായത്തുകളിൽ 2021 മാർച്ച് അവസാനത്തോടുകൂടി ഐ.എൽ.ജി.എം.എസ് വിന്യസിക്കാൻ കഴിയുന്നതാണ്.

ഐ.എൽ.ജി.എം.എസ് 150 പഞ്ചായത്തുകളിൽ വിന്യസിച്ചതിൽ പഞ്ചായത്തുകൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകളെ കുറിച്ച് പഞ്ചായത്ത് സെക്രട്ടറിമാരിൽ

നിന്നും വിവരങ്ങൾ ശേഖരിക്കുകയും, ആയത് വീണ്ടും വിദഗ്ധരുമായി ചർച്ചചെയ്തിരുന്നതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി ഐ.കെ.എമ്മിൽ നിന്നും ഒരു വ്യക്തിയെ ചുമതലപ്പെടുത്തേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടു.

പഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് നടപ്പാക്കുമ്പോൾ ഫ്രണ്ട് ഓഫീസുകളിൽ വർക്ക് ലോഡ് കൂടുന്നതിനാൽ അവിടങ്ങളിൽ ആവശ്യമായ ഹൈസ്പീഡ് സ്ക്യാനറുകൾ ലഭ്യമാക്കുകയും, സെക്ഷനുകളിൽ ജോലിഭാരം കുറയും എന്നുള്ളതിനാൽ ജീവനക്കാരെ റീഡിപ്ലോയ് ചെയ്ത് ഫ്രണ്ട് ഓഫീസുകളിൽ നിയോഗിക്കുകയും ചെയ്യേണ്ടതുണ്ട് എന്ന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

ആയത് പഞ്ചായത്ത് ഡയറക്ടറുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിന് ചെയർമാൻ നിർദ്ദേശിച്ചു.

<u>തീരുമാനം</u>

അംഗീകരിച്ചു.

<u>അജണ്ട-7</u>

**വിഷയം: 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

അംഗീകരിച്ചു.

<u>അജണ്ട-8</u>

**വിഷയം: ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

അംഗീകരിച്ചു.

<u>അജണ്ട-9</u>

**വിഷയം: ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി വാങ്ങലുകൾക്ക് മാത്രം** (purchase Only) **ഗ്രൂപ്പ്** II **വകുപ്പ് തലവന്റെ** Delegation of Financial Power **അനുവദിച്ച് ഐ.കെ.എം സൊസൈറ്റിയുടെ ബൈലാ ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

<u>തീരുമാനം</u>

അംഗീകരിച്ചു.

**യോഗം 3.40 ന് അവസാനിച്ചു.**

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
**(മെമ്പർ സെക്രട്ടറി)**

ശ്രീമതി.ശാരദാ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വംഭരണ വകുപ്പ്
**(വൈസ് ചെയർപേഴ്സൺ)**

ശ്രീ.എ.സി.മൊയ്തീൻ
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
**(ചെയർമാൻ)**